ശ്രീ. എം.കെ. രാഘവൻ: മനോരമയിൽ വന്നിട്ടുള്ളതിന് ഞാൻ ഉത്തരവാദിയല്ല. ഞാൻ പറഞ്ഞതുപോലെയായിരിക്കയില്ല വന്നിട്ടുള്ളത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. തൊഴിലില്ലായ്മ വേതനം ഇതേ നിലയിൽ തുടർന്നുകൊണ്ടുപോകാൻ കഴിയുകയില്ല, അതിൽ മാറ്റങ്ങൾ വരുത്തണം, ഈ രീതിയിൽ കൊടുത്താൽ ഇൻഡ്യാഗവൺമെൻറ് അതു വകവയ്ക്കുകയും പ്ലാനിൽപെടുത്തുകയും ചെയ്യുകയില്ല എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. പി.സി. ചാക്കോ പറഞ്ഞത് എന്താണെന്നൊന്നും ഞാൻ നോക്കിയിട്ടില്ല.

ശ്രീ. എം.വി. രാജൻ: എത്ര ആളുകൾക്കു വായ്പാ സൗകര്യം നൽകിയിട്ടുണ്ട്?

ശ്രീ. എം.കെ. രാഘവൻ: മുൻപ് അതിന്റെ കണക്ക് പറഞ്ഞിട്ടുണ്ടായിരുന്നു. 1,50,000-ത്തിൽ ചിലപ്പോൾ. ഇപ്പോൾ കൃത്യമായ കണക്ക് കൈവശമില്ല.

ശ്രീ. പിണറായി വിജയൻ: ഒന്നാം ഗഡു കൊടുക്കുകയും അതു കിട്ടിയ ആളുകളെ നാലാക്കി തരംതിരിക്കുകയും അതിൽ ഒരുതരക്കാർക്കു മാത്രം ജോലി കൊടുക്കുകയും അതിൽത്തന്നെ ചില പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉച്ചഭക്ഷണത്തിനുള്ള ഒന്നര ഉറുപ്പിക ഇല്ലാത്തതുകൊണ്ട് വരണ്ട എന്നു പറയുകയും ചെയ്ത് ഇങ്ങനെയെല്ലാമുള്ള ആളുകൾ ഉണ്ടായിരിക്കെ ഒന്നാം ഗഡു കിട്ടിയ ആളുകൾക്കെല്ലാം രണ്ടാം ഗഡു കൊടുക്കേണ്ടതല്ലേ?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെൻറ് എടുത്ത തീരുമാനം വളരെ വ്യക്തമാണ്; ഞാൻ വേണമെങ്കിൽ വായിക്കാം. It has been come to the notice of the Government that some person who have received the first instalment and who have been assigned the work, have refused to do the work allotted. ഇങ്ങനെയുള്ള ആളുകളൊഴിച്ച് മറെറല്ലാവർക്കും കൊടുക്കും. പണി അലോട്ടുചെയ്യുകയും അവർ പണിയെടുക്കുകയില്ലെന്നു ശഠിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുകയില്ലെന്നാണ്. അങ്ങനെയുള്ള ആളുകൾ ഒഴിച്ചാൽ, തൊഴിലെടുക്കാൻ സന്ദർഭമുണ്ടാകാതെ വന്ന ആളുകൾ ഉൾപ്പെടെയുള്ള ആളുകൾക്കെല്ലാം കൊടുക്കും. ഇങ്ങനെ നിഷേധിച്ച ആളുകൾക്കുമാത്രമേ കൊടുക്കാതിരുന്നിട്ടുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കായികതാരങ്ങളോട് അവഗണന കാണിച്ചതായി പരാതി

*433 [507] ശ്രീ. കെ.വി. കുര്യൻ:

ഡോ: ജോർജ്ജ് മാത്യു:

ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ദേശീയ കായികമൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് തിരിച്ചെത്തിയ കായികതാരങ്ങളോട് അവഗണന കാണിച്ചുവെന്ന് ആരോപണമുണ്ടായിട്ടുണ്ടോ;

(ബി) ആരോപണം ശരിയാണെങ്കിൽ അനാസ്ഥ കാണിച്ച വരുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) അവഗണന കാണിച്ചുവെന്ന് ആരോപണമുന്നയിച്ച് ഒരു പരാതിയും ലഭിച്ചിട്ടില്ല. ചില പത്രവാർത്തകളുണ്ടായിരുന്നു.

(ബി) പത്രവാർത്തകളും ശരിയല്ലാതിരുന്നതുകൊണ്ട് നടപടികളുടെ പ്രശ്നം ഉദിക്കുന്നില്ല.

തീപ്പെട്ടി വ്യവസായത്തിന് ആവശ്യമായ സോഫ്റ്റ് വുഡ്

*484 [508] ശ്രീ. ടി.എ. മജീദ്:

,, എം.കെ. കേശവൻ:

,, ഇ.കെ. പിള്ള:

,, പി. ശങ്കർ:

,, പി.കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തീപ്പെട്ടി വ്യവസായത്തിന് ആവശ്യമുള്ളിടത്തോളം സോഫ്റ്റ് വുഡ് ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ പ്ലാന്റേഷനുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

നടപ്പു പഞ്ചവൽസര പദ്ധതിക്കാലത്ത് (1978-83)5000 ഹെക്ടർ സ്ഥലത്ത് പുതിയതായി സോഫ്റ്റ് വുഡ് തോട്ടങ്ങൾ വെച്ചുപിടിപ്പിക്കാൻ വനംവകുപ്പിന് പദ്ധതിയുണ്ട്. കൂടാതെ വനം വികസന കോർപ്പറേഷനും ഈ കാലയളവിൽ 2000 ഹെക്റ്റർ സ്ഥലത്ത് സോഫ്റ്റ് വുഡ് തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതാണ്.

വനവിഭവങ്ങളുടെ കയറ്റുമതി

*485 [509] ശ്രീ. എസ്. തങ്കപ്പൻ പിള്ള:

,, വട്ടിയൂർക്കാവ് രവി:

,, ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly